"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- കോഴിക്കോട് ജില്ലയിൽ നിപ്പ വൈറസ് പകർച്ച വ്യാധി തടയുന്നതിനുള്ള പ്രവർത്തനം- കോഴിക്കോട് നഗരസഭയിലെ ഹെൽത്ത് ഓഫീസറായ ഡോ.ഗോപകുമാർ.ആർ.എസ്- സദ്സേവന രേഖ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം.1191/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/06/2021

---

പരാമർശം:- 1 നഗരകാര്യ ഡയറക്ടറുടെ 04.04.2019 ലെ ഇ5-854/2019-ാം നമ്പർ കത്ത്.

2 കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ 18.08.2018 ലെ 22-ാം നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

കോഴിക്കോട് നഗരസഭയിലെ ഹെൽത്ത് ഓഫീസർ ഡോ. ഗോപകുമാർ.ആർ.എസ്- സദ് സേവന രേഖ നൽകുന്നതിനുള്ള ശിപാർശ പരാമർശം (1) പ്രകാരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. കോഴിക്കോട് ജില്ലയിൽ 2018 മേയ്, ജൂൺ മാസങ്ങളിൽ പടർന്നു പിടിച്ച നിപ്പ വൈറസ് പകർച്ച വ്യാധി തടയുന്നതിന് നഗരസഭയിലെ ഹെൽത്ത് ഓഫീസർ ഡോ. ഗോപകുമാർ.ആർ.എസ് സധൈര്യം പ്രവർത്തിച്ചിരുന്നതായും ആയതിനാൽ ടിയാന്റെ സ്തുത്യർഹമായ ടി സേവനം പരിഗണിച്ച് സദ്സേവന രേഖ നൽകുന്നതിന് നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.ടിയാന് സദ്സേവന രേഖ നൽകുന്നതിന് കോഴിക്കോട് കോർപ്പറേഷൻ കൗൺസിലും ശിപാർശചെയ്തിരിയ്ക്കുന്നു . പരാമർശം (2) ലെ തീരുമാനവും ,നിപ്പ വൈറസ് പകർച്ച വ്യാധി വ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട് ടിയാന്റെ സേവനം സംബന്ധിച്ച വാർത്താ കുറിപ്പുകളും നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിൽ 2018 മേയ്, ജൂൺ മാസങ്ങളിൽ പടർന്നു പിടിച്ച നിപ്പ വൈറസ് പകർച്ച വ്യാധി തടയുന്നതിനുള്ള നഗരസഭയിലെ ഹെൽത്ത് ഓഫീസർ ഡോ. ഗോപകുമാർ.ആർ.എസ്-ന്റെ സ്തുത്യർഹമായ സേവനം പരിഗണിച്ച് ടിയാന് കെ.എസ്.ആർ. ഭാഗം I ചട്ടം 34(2) പ്രകാരം സദ് സേവന രേഖ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാന്റെ സേവന പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ ആഡിറ്റ്), കേരള.

സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

ഡോ.ഗോപകുമാർ.ആർ.എസ്, ഹെൽത്ത് ഓഫീസർ, കോഴിക്കോട് നഗരസഭ.

# File No.LSGD-EU1/199/2020-LSGD

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ